LIBRARY ARCHIVES Kerala Legislative Assembly

## പട്ടികജാതി വകുപ്പിന് കീഴിലുള്ള പ്രീ-മെട്രിക് ആന്റ് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ

**298 (2854)** ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വകുപ്പിന് കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രീ-മെട്രിക് ആന്റ് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ വിശദാംശങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കുമോ ;

(ബി) ഈ ഹോസ്റ്റലുകളുടെ പ്രവർത്തനത്തിന് 2013-2014, 2014-2015 കാലയളവിൽ പട്ടികജാതി വകുപ്പിൽനിന്നും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ചെലവഴിച്ച തുകയുടെ വിശദമായ കണക്ക് ലഭ്യമാക്കുമോ ; അനുവദിച്ച തുക ചെലവഴിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) വകുപ്പിന് കീഴിലുള്ള പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം I ആയി ചേർക്കുന്നു.*

(ബി&സി) അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദ വിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.* സാമ്പത്തിക വർഷം അവസാനിച്ചിട്ടില്ലാത്തതിനാൽ 2014-15 വർഷത്തെ തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. 2013-14 വർഷത്തിൽ ചില ഹോസ്റ്റലുകളിൽ അനുവദനീയമായ എണ്ണം അന്തേവാസികളില്ലാത്തതുകൊണ്ടാണ് തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തത്.

## പട്ടികജാതി വിഭാഗക്കാർക്കുള്ള ഭൂമി വിതരണം

**299 (2855)** ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് 2014-ൽ വിതരണം ചെയ്ത ഭൂമിയുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.